# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3001 07.11.2019 ൽ മറുപടിക്ക്

**പാറശ്ശാലയിലെ റോഡ് കയ്യേറ്റങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി.കെ. ഹരീന്ദ്രൻ** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ സ്ഥലമേറ്റെടുക്കൽ നടപടി ആവശ്യമായി വരുന്നത് ഏതൊക്കെ പ്രവൃത്തികൾക്കാണെന്നും ആയതിലേക്കായുള്ള നടപടികൾ ഏതു ഘട്ടത്തിൽ ആണെന്നും അറിയിക്കാമോ; | എ) തിരുവനന്തപുരം പാലം വിഭാഗത്തിന്റെ കീഴിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ വരുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ സ്ഥലമേറ്റെടുക്കൽ നടപടി ആവശ്യമായി വന്നിട്ടുള്ളത് കിഫ്ബി പദ്ധതിയായ കുടുവീട്ടിൽ കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. ടി പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി പുതിയ LA Act പ്രകാരം റവന്യൂ വകുപ്പിൽ നടന്നു വരുന്നു. ഇതിന്റെ ഭാഗമായ SIA പഠനം നടന്നു വരുന്നു.<br>നിരത്തു വിഭാഗത്തിനു കീഴിൽ കിഫ്ബി പ്രവൃത്തിയായ മലയോര ഹൈവേയ്ക്ക് വേണ്ടി ഭൂവുടമകളിൽ നിന്നും സൗജന്യമായും, പശുവണറ അരുവിക്കര റിംഗ് റോഡ് പ്രവൃത്തിക്ക് വേണ്ടി Land Acquisition പ്രകാരവും ഭൂമി ഏറ്റെടുക്കുന്നുണ്ട്. റോഡ് പ്രവൃത്തിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നുണ്ട്. അമരവിള കാരക്കോണം കലിങ്ക് നട ശൂരവങ്കാണി റോഡ് സാമ്പത്തിക അനുമതിക്ക് വേണ്ടി ഡി.പി.ആർ കിഫ്ബിയിൽ സബ്മിറ്റ് ചെയ്തിട്ടുണ്ട്. അമരവിള കാരക്കോണം റോഡിൽ 18 മീറ്റർ വീതിക്കാണ് പ്രൊപ്പോസൽ നൽകിയിട്ടുള്ളത്. ആയതിനു വേണ്ടുന്ന നടപടിക്രമങ്ങൾ സാമ്പത്തിക അനുമതി ലഭിച്ചതിനുശേഷം ആരംഭിക്കുന്നതാണ്. അമരവിള ഒറ്റശേഖര മംഗലം റോഡിൽ പൂവൻകാല മുതൽ (3/500 ) ആര്യങ്കോട് പാലത്തിനു ശേഷം ചെയിനേജ് 12/200 വരെയാണ് സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി ഉള്ളത്. വിവിധ സ്ഥലങ്ങളിലായി വളവുകൾ നിവർത്തുന്നതിലേക്കായി ഏകദേശം 85 സെന്റ് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആയതിലേക്കായി 6(1) നോട്ടിഫിക്കേഷൻ |

| | | | |
|---|---|---|---|
| | | | റവന്യൂ വകുപ്പ് പ്രസിദ്ധപ്പെടുത്തി. 4(1) നോട്ടിഫിക്കേഷനു വേണ്ടിയുള്ള നടപടി പുരോഗമിക്കുന്നു.<br>കരമന കളിയിക്കാവിള ദേശീയപാതയുടെ 2-ാം ഘട്ട വികസനത്തോടനുബന്ധിച്ചുള്ള സ്ഥലമെടുപ്പാണ് പാറശ്ശാല മണ്ഡലത്തിൽ ദേശീയപാത വിഭാഗത്തിന്റേതായി നടത്താനുള്ളത്. പക്ഷെ പ്രസ്തുത ഭാഗത്തെ അലൈൻമെന്റ് അംഗീകരിച്ച് കല്ലിടൽ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കിയാൽ മാത്രമേ ഏറ്റെടുക്കാൻ സാധിക്കൂ. നിലവിൽ ഈ ഭാഗത്തെ കരട് അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. |
| ബി) | പാറശ്ശാല നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിലായുള്ള പുറമ്പോക്ക് സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാണോ; | ബി) | പുറമ്പോക്ക് സ്ഥലത്തിന്റെ വിശദാംശങ്ങൾ റവന്യൂ വകുപ്പിന്റെ കൈവശമാണുള്ളത്. |
| സി) | പുറമ്പോക്ക് സ്ഥലങ്ങളിൽ സ്വകാര്യ കയ്യേറ്റങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുറമ്പോക്ക് ഒഴിപ്പിക്കുന്നതിന് റവന്യൂ വകുപ്പ് റോഡ് പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തേണ്ടതുണ്ട്. ആയതിന് ശേഷം കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും ഒഴിയാത്ത പക്ഷം റവന്യൂ, പോലീസ്, ജില്ലാ ഭരണകൂടം എന്നിവർ സംയുക്തമായി ചേർന്ന് കൈയ്യേറ്റം ഒഴിപ്പിക്കുന്നതാണ്. പൂവൻകാല ഭാഗത്ത് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് അതിർത്തി നിർണ്ണയം, നെയ്യാറ്റിൻകര തഹസീൽദാരുടെ നേതൃത്വത്തിൽ നടത്തി തിട്ടപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | പാതയോരത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നെയ്യാറ്റിൻകര പി.ഡബ്ല്യൂ.ഡി. സബ് ഡിവിഷന് കീഴിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ; നിലവിൽ മറ്റു സ്ഥലങ്ങളിൽ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) | മലയോരഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് പുറമ്പോക്ക് കൈയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ 2 ലക്ഷം രൂപയുടെ പ്രവൃത്തി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിലേക്കായി ചെയ്തിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള ദേശീയപാതയോരങ്ങളിൽ കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപെടുന്ന മുറയ്ക്ക് തന്നെ നോട്ടീസ് നൽകി അവ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**